"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം താലൂക്കിൽ എൻമകജെ വില്ലേജിൽ റീ സർവേ നമ്പർ 741/1എ2 - ൽപ്പെട്ട 2 ഏക്കർ (80.94 ആർ) ഭൂമി ബദ്രംപള്ള എ.എൽ.പി സ്കൂളിന് കളിസ്ഥലം നിർമ്മിക്കുന്നതിനായി 10 വർഷത്തേക്ക് പാട്ടത്തിന് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**റവന്യൂ (എം) വകുപ്പ്**

സ.ഉ.(കൈ) നം.250/2026/RD തീയതി,തിരുവനന്തപുരം, 17-08-2026

---

പരാമർശം:- 1. കാസർഗോഡ് ജില്ലാകളക്ടറുടെ 05.12.2022 തീയതിയിലെ DCKSGD/9689/2022-C6 നമ്പർ കത്ത്.

2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 05.12.2024 തീയതിയിലെ LR/2498/2023-LR(J10) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ല മഞ്ചേശ്വരം താലൂക്കിൽ എൻമകജെ വില്ലേജിൽ റീ.സ.നം. 741/1എ2 യിൽ ഉൾപ്പെടുന്ന രണ്ട് ഏക്കർ ഭൂമി ബദ്രംപള്ള എ.എൽ.പി സ്കൂളിന് പാട്ടത്തിന് അനുവദിക്കുന്നതിനായി പരാമർശം (1) പ്രകാരം ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർ മുഖാന്തിരം ശുപാർശ സമർപ്പിച്ചിരുന്നു. മേൽപ്പറഞ്ഞ ഭൂമി ബദ്രംപള്ള എ.എൽ.പി സ്കൂളിന് കളിസ്ഥലം നിർമ്മിക്കുന്നതിലേക്കായി 2022-23 വർഷം മുതൽ മൂന്ന് വർഷ കാലയളവിലേയ്ക്ക് അനുവദിക്കാവുന്നതാണെന്നും 2022-23 വർഷത്തേക്ക് ₹23,558/-രൂപയും (ഇരുപത്തി മൂവായിരത്തി അഞ്ഞൂറ്റി അമ്പത്തിയെട്ട് രൂപ മാത്രം) 2023-24, 2024-25 വർഷങ്ങളിൽ ₹28,270/- രൂപ (ഇരുപത്തിയെട്ടായിരത്തി ഇരുന്നൂറ്റി എഴുപത് രൂപ മാത്രം) വീതവും വാർഷിക പാട്ടനിരക്കിൽ 3 വർഷത്തേക്ക് പാട്ടം ഈടാക്കാവുന്നതാണെന്നും ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം താലൂക്കിൽ എൻമകജെ വില്ലേജിൽ റീ സർവേ നമ്പർ 741/1A2 ൽപ്പെട്ട 2 ഏക്കർ (80.94 ആർ) ഭൂമി ബദ്രംപള്ള എ.എൽ.പി സ്കൂളിന് കളിസ്ഥലം നിർമ്മിക്കുന്നതിനായി GO(P)No. 44/2018/Fin തീയതി 17.03.2018, GO(P)No.28/2019/Fin തീയതി 08.03.2019 പ്രകാരമുള്ള വർദ്ധനവുകൾ ഒഴിവാക്കി നിലവിലുള്ള കമ്പോളവിലയുടെ 2% വാർഷിക പാട്ട നിരക്കിൽ ഓരോ മൂന്ന് വർഷം തോറും നിലവിലുള്ള കമ്പോള വിലക്കനുസൃതമായി പാട്ടം പുതുക്കേണ്ടതാണെന്ന നിബന്ധനയോടും, താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായും 10 വർഷത്തേക്ക് ബദ്രംപള്ള എ.എൽ.പി സ്കൂൾ മാനേജർ പേരിൽ പാട്ടത്തിന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ;

ii) ഭൂമി ഏതെങ്കിലും ധനകാര്യസ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ, അന്യാധീനപ്പെടുത്തുവാനോ, പാടുള്ളതല്ല;

iii) ഭൂമി ഉപപാട്ടത്തിന്/തറവാടകയ്ക്ക് നൽകുവാനോ, ദുരുപയോഗപ്പെടുത്തുവാനോ പാടില്ല;

iv) ഭൂമി എല്ലാതരത്തിലുമുള്ള കൈയ്യേറ്റങ്ങളിൽ നിന്നും ബദ്രംപള്ള എ.എൽ.പി സ്കൂൾ മാനേജർ തന്നെ സംരക്ഷിച്ച് നിർത്തേണ്ടതാണ്;

v) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല. അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷതൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ്.

vi) ഓരോ മൂന്ന് വർഷം തോറും പാട്ടം പുതുക്കേണ്ടതാണ്.

vii) പാട്ടത്തുക എല്ലാ സാമ്പത്തികവർഷത്തിന്റെയും ആദ്യമൂന്നു മാസത്തിനുള്ളിൽതന്നെ ഒടുക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുന്ന പക്ഷം നിശ്ചയിച്ച പാട്ടത്തുകയുടെ 2%-മോ അതിന് മുകളിലോ പിഴ പലിശ ഈടാക്കുന്നതുമാണ്.

viii) പാട്ടവസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നൽകേണ്ടതാണ്.

ix) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

3) ഈ വിഷയത്തിലുള്ള തുടർനടപടികൾ കാസർഗോഡ് ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീത എ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം
ജില്ലാ കളക്ടർ, കാസർഗോഡ്
തഹസിൽദാർ, കാസർഗോഡ്
മാനേജർ, ബദ്രംപള്ള എ.എൽ.പി സ്കൂൾ, പെർള പി.ഒ., കാസർഗോഡ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Digitally signed by
Kumari Sindhu S
Date: 18-08-2026
15:03:54
സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ് - ന്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്